MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.C1/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്

2026 നവംബർ 9

തീരദേശവാസികൾക്ക് പ്രത്യേക അവകാശ നിയമം വേണം: എൻ.കെ. പ്രേമചന്ദ്രൻ എം.പി.

വനാവകാശ നിയമത്തിന് സമാനമായി തീരദേശ ജനതയുടെ ജീവനും ജീവനോപാധികൾക്കും സംരക്ഷണം നൽകുന്ന 'കടലവകാശ നിയമം' (Right to Sea Act) നടപ്പിലാക്കണമെന്ന് എൻ.കെ. പ്രേമചന്ദ്രൻ എം.പി. ആവശ്യപ്പെട്ടു. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷൻ കൊല്ലത്ത് സംഘടിപ്പിച്ച 'കേരളത്തിലെ ബ്ലൂ ഇക്കോണമിയും തീരദേശ ആശങ്കകളും: പരമ്പരാഗത മത്സ്യബന്ധന മേഖല നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിലെ ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിവിധ വിഷയങ്ങളിൽ നടന്ന ചർച്ചകൾക്ക് എം.ജി. സർവകലാശാല സിൻഡിക്കേറ്റ് അംഗം പ്രൊഫ. രാജേഷ് കോമത്ത്, പ്രൊഫ. ജോസഫ് ആന്റണി എന്നിവർ നേതൃത്വം നൽകി. എ.ജെ. വിജയൻ, കെ.വി. തോമസ്, ഫാ. സജിമോൻ, റോബർട്ട് പനിപ്പിള്ള, ചാൾസ് ജോർജ്ജ് എന്നിവരും വിവിധ പഞ്ചായത്തുകളിലെയും കൊല്ലം കോർപ്പറേഷനിലെയും ജനപ്രതിനിധികളും ചർച്ചയിൽ പങ്കെടുത്തു. ശില്പശാലയ്ക്ക് ഐ.യു.സി.എസ്.എസ്.ആർ.ഇ. ഡയറക്ടർ കെ.എം. സീതി സ്വാഗതം ആശംസിച്ചു.

പി.ആർ.ഒ/1002/2026

അസിസ്റ്റന്റ് പ്രൊഫസർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജിയിലെ ബോട്ടണി വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസറുടെ കരാർ നിയമനം. 2027 ഏപ്രിൽ 15 വരെയാണ് നിയമനം. യു.ജി.സി മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രതിമാസം 40,000 രൂപ ശമ്പളമായി ലഭിക്കുന്ന ഈ തസ്തികയിലേക്ക് ഈഴവ/ബില്ലവ/തീയ്യ വിഭാഗ സംവരണമാണ് ബാധകം. വിരമിച്ച അധ്യാപകർക്കും 70 വയസ്സ് കവിയാത്ത പക്ഷം അപേക്ഷിക്കാവുന്നതാണ്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് നവംബർ 17 വരെ അപേക്ഷിക്കാം. ഇമെയിൽ recruitmentada7@mgu.ac.in

പി.ആർ.ഒ/1003/2026

സീനിയർ സിസ്റ്റം അനലിസ്റ്റ്

മഹാത്മാഗാന്ധി സർവകലാശാലയിൽ താൽകാലിക കരാർ അടിസ്ഥാനത്തിൽ സീനിയർ സിസ്റ്റം അനലിസ്റ്റിനെ നിയമിക്കുന്നു. വിശദ വിവരങ്ങൾക്ക് mgu.ac.in. ഫോൺ-0481-2733541.

പി.ആർ.ഒ/1004/2026

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ആറാം സെമസ്റ്റർ (സിബിസിഎസ്എസ്) (2013-2016 അഡ്മിഷനുകൾ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ആറാം സെമസ്റ്റർ (സിബിസിഎസ്എസ്) ബിഎസ്.സി സൈബർ ഫോറൻസിക് (2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014-2016 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്ക് ഡിസംബർ 2 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഡിസംബർ 3 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 4 വരെയും അപേക്ഷ സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ (സിബിസിഎസ്എസ്) (2020-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017-2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒന്നാം സെമസ്റ്റർ (സിബിസിഎസ്എസ്) ബിഎസ്.സി സൈബർ ഫോറൻസിക് (2020-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്ക് നവംബർ 25 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 26 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 27 വരെയും അപേക്ഷ സ്വീകരിക്കും.

ഒമ്പതാം സെമസ്റ്റർ ഐഎംസിഎ (2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെന്ററി, 2017-2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്ക് നവംബർ 20 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 23 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 24 വരെയും അപേക്ഷ സ്വീകരിക്കും.

പി.ആർ.ഒ/1005/2026

വൈവ വോസി

മൂന്നാം സെമസ്റ്റർ എംഎഡ് (2025 അഡ്മിഷൻ റഗുലർ, 2023-2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020-2022 അഡ്മിഷനുകൾ മെഴ്സി ചാൻസ്) സെപ്റ്റംബർ 2026 വൈവ വോസി പരീക്ഷകൾ നവംബർ 24 മുതൽ 27 വരെ തീയതികളിലായി മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ വച്ച് നടക്കും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും തീസീസിന്റെ രണ്ടു കോപ്പിയുമായി പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. ടൈംടേബിൾ വെബൈറ്റിൽ.

പി.ആർ.ഒ/1006/2026

പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബിവോക് അപ്ലൈഡ് അക്കൗണ്ടിംഗ് ആൻഡ് ടാക്സേഷൻ (പുതിയ സ്കീം-2024 അഡ്മിഷൻ റഗുലർ, 2020-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018,2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2026 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 24ന് അങ്കമാലി മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിൽ വച്ച് നടക്കും.

പി.ആർ.ഒ/1007/2026

പബ്ലിക് റിലേഷൻസ് ഓഫീസർ